പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2678 19/06/2014 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളുടെ അച്ചടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ആവശ്യമായ 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ 1-ാം വാല്യം അച്ചടിച്ചു വിതരണം ചെയ്തു കഴിഞ്ഞു. അധികമായി ആവശ്യമായ ഈ വർഷം മാറിയ പാഠപുസ്തകങ്ങൾ (4.40 ലക്ഷം) ഇപ്പോൾ അച്ചടിച്ചുകൊണ്ടിരിക്കുന്നു. ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടില്ല. തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തക അച്ചടി പൂർത്തിയായിവരുന്നു. |
| ബി) ഇല്ലെങ്കിൽ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ; | (ബി) 1 മുതൽ 10 ക്ലാസ്സുകളിലെ പാഠപുസ്തകം ജൂൺ മാസം തന്നെ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്. പ്ലസ് ടു പാഠ പുസ്തകങ്ങളുടെ അച്ചടി ജൂൺ മാസം അവസാനത്തോടെയും, പ്ലസ് വൺ പാഠ പുസ്തകങ്ങളുടെ അച്ചടി ജൂലൈ മാസം രണ്ടാം വാരത്തോടുകൂടിയും പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തക അച്ചടി രണ്ടാഴ്ചക്കകം പൂർത്തിയാകും. |
| സി) അച്ചടി കൃത്യസമയത്ത് പൂർത്തീകരിച്ച് പാഠപുസ്തകങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ? | (സി) പാഠപുസ്തക ഓഫീസർ 2014-15 ലേയ്ക്ക് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ ഏൽപ്പിച്ച എണ്ണം പുസ്തകങ്ങൾ (വോളിയം 1) കൃത്യമായി അച്ചടിച്ച് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ തപാൽ വകുപ്പ് വഴി സംസ്ഥാനത്തെ എല്ലാ സ്കൂൾ സൊസൈറ്റികളിലും എത്തിച്ചിട്ടുണ്ട്. ഓരോ അദ്ധ്യയന വർഷവും തൊട്ട് മുൻ വർഷത്തെ കുട്ടികളുടെ എണ്ണം അടിസ്ഥാനമാക്കി മുൻകൂട്ടിത്തന്നെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് പ്രസ്സിന് നിർദേശം നൽകുകയും |

പ്രസ്സ് യഥാസമയം പ്രസ്തുത ജോലി നിർവ്വഹിക്കുകയും ചെയ്യുന്നു. സ്കൂളുകളിൽ നിന്നും ഓൺലൈൻ ആയി ലഭിക്കുന്ന ഇൻഡന്റ് അടിസ്ഥാനമാക്കി അച്ചടിച്ച പാഠപുസ്തകങ്ങൾ 14 ജില്ലകളിലുള്ള ഗോഡൗണുകളിൽ എത്തിക്കുകയും ഗോഡൗണുകളിൽ നിന്നും തപാൽ വകുപ്പ് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുകയും ചെയ്യുന്നു. സൊസൈറ്റികളിൽ ലഭിച്ച പുസ്തകങ്ങൾ ബന്ധപ്പെട്ട സ്കൂളുകൾക്ക് വിതരണം ചെയ്യുന്നു.

സി-ആപ്റ്റ് ഏറ്റെടുത്ത പ്ലസ് ടു പാഠപുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സെന്ററിൽ നിലവിലുള്ള സാങ്കേതിക സൗകര്യങ്ങൾക്കുപരിയായി സർക്കാർ പ്രസ്സിന്റേയും കോ-ഓപ്പറേറ്റീവ് പ്രസ്സിന്റേയും സഹായത്തോടെ അച്ചടി പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അച്ചടി പൂർത്തീകരിച്ച പ്ലസ് ടു പാഠ പുസ്തകങ്ങളുടെ വിതരണം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. പ്ലസ് വൺ പാഠ പുസ്തകങ്ങളുടെ അച്ചടിയുടെയും വിതരണത്തിന്റേയും ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾത്തന്നെ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയാക്കുവാൻ കഴിയുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ സി-ആപ്റ്റ് ആണ് പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നത്. പാഠപുസ്ത വിതരണത്തിനുള്ള കാലതാമസം ഒഴിവാക്കുവാൻ സ്കൂളുകളിൽ നിന്നും നേരിട്ട് ഓൺലൈൻ വഴി ഇൻഡന്റ് സി-ആപ്റ്റിന് നൽകുന്നു. സി-ആപ്റ്റ് പാഠപുസ്തകം അച്ചടിച്ച് സ്കൂളുകളിലേക്ക് നേരിട്ട് വിതരണം നടത്തുന്നു.

സെക്ഷൻ ഓഫീസർ